**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 77** **10-08-2023 - ൽ മറുപടിയ്ക്ക്**

**വന്യജീവി ആക്രമണം തടയുന്നതിനുള്ള മാർഗ്ഗങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. എം. എം. മണി,<br>ശ്രീ ഒ . ആർ. കേളു,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ അടങ്ങിയ അഞ്ച് വർഷക്കാലയളവിലേക്കുള്ള പദ്ധതി കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതി സംബന്ധിച്ച് കേന്ദ്രസർക്കാരിൽ നിന്നുള്ള പ്രതികരണം ലഭ്യമായിട്ടുണ്ടോ; വിശദവിവരം അറിയിക്കുമോ; | (എ) | മനുഷ്യ-വന്യമൃഗസംഘർഷം ലഘൂകരിക്കുന്നതിനുള്ള നിർദ്ദേശങ്ങളടങ്ങിയ അഞ്ച് വർഷക്കാലയളവിലേക്കുള്ള 620 കോടി രൂപയുടെ പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നെങ്കിലും സംസ്ഥാന സർക്കാർ വിവിധ സ്കീമുകളിലൂടെയും വിഭവ സമാഹരണത്തിലൂടെയും ശാസ്ത്രീയവും നൂതനവുമായ സമീപനങ്ങളിലൂടെയും മനുഷ്യ-വന്യമൃഗ സംഘർഷത്തിന് സുസ്ഥിരമായ പരിഹാരം കണ്ടെത്തണമെന്നാണ് ബഹു.കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥ വകുപ്പ് മന്ത്രി സംസ്ഥാന സർക്കാരിനെ അറിയിച്ചത്. |
| (ബി) | ജനവാസ മേഖലകളിലിറങ്ങി ആക്രമണം നടത്തുന്ന വന്യജീവികളെ നിയന്ത്രിക്കുന്നതിൽ കേന്ദ്ര നിയമത്തിലുള്ള അപ്രായോഗിക നിയന്ത്രണങ്ങളും തടസ്സങ്ങളും നീക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ; | (ബി) | വനാതിർത്തിക്ക് പുറത്തുള്ള ജനവാസമേഖലയിൽ അക്രമാസക്തമായും വിനാശകാരികളായും ഇറങ്ങി ജീവനും സ്വത്തിനും നാശനഷ്ടം വരുത്തുന്ന വന്യമൃഗങ്ങളെ വെടിവെച്ചുകൊല്ലുക, മയക്ക് വെടി വെയ്ക്കുക, കൂട് വെച്ച് പിടിക്കുക, പിടിച്ചുകഴിഞ്ഞാൽ പ്രത്യേകം പാർപ്പിക്കുക തുടങ്ങിയ നടപടികൾ സ്വീകരിക്കുന്നതിന് നിലവിലുള്ള കേന്ദ്ര നിയമമായ 1972-ലെ വന്യജീവി (സംരക്ഷണം) നിയമത്തിലെ വ്യവസ്ഥകൾ പാലിക്കേണ്ടതുണ്ട്. ഈ വ്യവസ്ഥകൾ പ്രകാരം ചീഫ് വൈൽഡ് ലൈഫ് വാർഡന് ചില അധികാരങ്ങൾ ഉണ്ടെങ്കിലും അവ വിനിയോഗിച്ച് പ്രായോഗിക നടപടികൾ സ്വീകരിക്കുന്നതിന് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച Standard Operating Procedure, Advisory to deal with human - wildlife conflict, ടൈഗർ കൺസർവേഷൻ അതോറിറ്റിയും പ്രോജക്റ്റ് എലിഫന്റ് പദ്ധതി പ്രകാരവും ഉള്ള ഗൈഡ് ലൈനുകൾ എന്നിവ പാലിക്കാൻ ചീഫ് വൈൽഡ് ലൈഫ് വാർഡൻ നിർബന്ധിതനായതിനാൽ അടിയന്തര ഘട്ടങ്ങളിൽ പോലും നടപടി സ്വീകരിക്കുന്നതിന് നിയമ |

| | | | |
|---|---|---|---|
| | | | തടസ്സങ്ങൾ ഉണ്ടാവുകയും എടുത്ത നടപടികൾ തന്നെ ഫലപ്രദമാകാതിരിക്കുകയും ചെയ്യുന്ന സാഹചര്യം നിലനിൽക്കുകയാണ്.<br><br>മേൽ സാഹചര്യത്തിൽ, 1972-ലെ വന്യജീവി (സംരക്ഷണം) ആക്ട് ഭേദഗതി ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ തയ്യാറാക്കി സമർപ്പിക്കുന്നതിനായി ചീഫ് സെക്രട്ടറി കൺവീനറായും, അഡീഷണൽ ചീഫ് സെക്രട്ടറി (വനം-വന്യജീവി വകുപ്പ്), അഡീഷണൽ ചീഫ് സെക്രട്ടറി (പരിസ്ഥിതി സംരക്ഷണ വകുപ്പ്), വനം വകുപ്പ് മേധാവി, നിയമ വകുപ്പ് സെക്രട്ടറി എന്നിവർ അംഗങ്ങളായും 26.06.2023-ന് സർക്കാർ ഉത്തരവ് (സാധാ) നം.248/2023/വനം പ്രകാരം സമിതി രൂപീകരിച്ചിട്ടുണ്ട്. (സർക്കാർ ഉത്തരവ് അനുബന്ധമായി ചേർക്കുന്നു).<br><br>പ്രസ്തുത സമിതിയുടെ പ്രഥമയോഗം 20.07.2023-ൽ ചീഫ് സെക്രട്ടറിയുടെ ചേമ്പറിൽ ചേർന്ന് നിയമഭേദഗതി സംബന്ധിച്ച വിഷയം പരിശോധിച്ച് വരുന്നു. |
| (സി) | വനത്തേയും വന്യജീവികളേയും പരിസ്ഥിതിയേയും സംരക്ഷിക്കുക എന്ന ഭരണഘടനാപരമായ കർത്തവ്യത്തോടൊപ്പം മനുഷ്യന്റെ ജീവനും സ്വത്തിനും സംരക്ഷണം നൽകത്തക്കവിധത്തിലുള്ള പ്രായോഗികമായ നടപടികൾ സ്വീകരിക്കുന്നതിൽ നിലവിലെ കേന്ദ്ര നിയമത്തിലെ വ്യവസ്ഥകൾ എങ്ങനെയാണ് തടസ്സമായിരിക്കുന്നതെന്ന് വിശദമാക്കാമോ? | (സി) | വനാതിർത്തിക്ക് പുറത്തുള്ള ജനവാസമേഖലയിൽ അക്രമാസക്തമായും വിനാശകാരികളായും ഇറങ്ങി ജീവനും സ്വത്തിനും നാശനഷ്ടം വരുത്തുന്ന വന്യമൃഗങ്ങളെ വെടിവെച്ചുകൊല്ലുക, മയക്ക് വെടി വെയ്ക്കുക, കൂട് വെച്ച് പിടിക്കുക, പിടിച്ചുകഴിഞ്ഞാൽ പ്രത്യേകം പാർപ്പിക്കുക തുടങ്ങിയ നടപടികൾ സ്വീകരിക്കുന്നതിന് നിലവിലുള്ള കേന്ദ്ര നിയമമായ 1972-ലെ വന്യജീവി (സംരക്ഷണം) നിയമത്തിലെ വ്യവസ്ഥകൾ പാലിക്കേണ്ടതുണ്ട്. ഈ വ്യവസ്ഥകൾ പ്രകാരം ചീഫ് വൈൽഡ് ലൈഫ് വാർഡന് ചില അധികാരങ്ങൾ ഉണ്ടെങ്കിലും അവ വിനിയോഗിച്ച് പ്രായോഗിക നടപടികൾ സ്വീകരിക്കുന്നതിന് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച Standard Operating Procedure, Advisory to deal with human - wildlife conflict, ടൈഗർ കൺസർവേഷൻ അതോറിറ്റിയും പ്രോജക്ട് എലിഫന്റ് പദ്ധതി പ്രകാരവും ഉള്ള ഗൈഡ് ലൈനുകൾ എന്നിവ പാലിക്കാൻ ചീഫ് വൈൽഡ് ലൈഫ് വാർഡൻ നിർബന്ധിതനായതിനാൽ അടിയന്തര ഘട്ടങ്ങളിൽ പോലും നടപടി സ്വീകരിക്കുന്നതിന് നിയമ തടസ്സങ്ങൾ ഉണ്ടാവുകയും എടുത്ത നടപടികൾ തന്നെ ഫലപ്രദമാകാതിരിക്കുകയും ചെയ്യുന്ന സാഹചര്യം നിലനിൽക്കുകയാണ്.<br><br>മേൽ സാഹചര്യത്തിൽ, 1972-ലെ വന്യജീവി (സംരക്ഷണം) ആക്ട് ഭേദഗതി ചെയ്യുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | നിർദ്ദേശങ്ങൾ തയ്യാറാക്കി സമർപ്പിക്കുന്നതിനായി ചീഫ് സെക്രട്ടറി കൺവീനറായും, അഡീഷണൽ ചീഫ് സെക്രട്ടറി (വനം-വന്യജീവി വകുപ്പ്), അഡീഷണൽ ചീഫ് സെക്രട്ടറി (പരിസ്ഥിതി സംരക്ഷണ വകുപ്പ്), വനം വകുപ്പ് മേധാവി, നിയമ വകുപ്പ് സെക്രട്ടറി എന്നിവർ അംഗങ്ങളായും 26.06.2023-ന് സർക്കാർ ഉത്തരവ് (സാധാ) നം.248/2023/വനം പ്രകാരം സമിതി രൂപീകരിച്ചിട്ടുണ്ട്. (സർക്കാർ ഉത്തരവ് അനുബന്ധമായി ചേർക്കുന്നു).<br><br>പ്രസ്തുത സമിതിയുടെ പ്രഥമയോഗം 20.07.2023-ൽ ചീഫ് സെക്രട്ടറിയുടെ ചേമ്പറിൽ ചേർന്ന് നിയമഭേദഗതി സംബന്ധിച്ച വിഷയം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ്- കേന്ദ്ര നിയമമായ 1972-ലെ വന്യജീവി (സംരക്ഷണം) ആക്ട് ഭേദഗതി ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ തയ്യാറാക്കി സർക്കാരിന് സമർപ്പിക്കുന്നതിനായി ഉന്നത ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു സമിതി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.248/2023/F&WLD തീയതി,തിരുവനന്തപുരം, 26-06-2023

---

പരാമർശം:- 1. 24.05.2023 - ലെ ബഹു. വനം വന്യജീവി വകുപ്പുമന്ത്രിയുടെ No.36/2023/M(F&WLD) നമ്പർ കുറിപ്പ്.

**ഉത്തരവ്**

വനാതിർത്തിക്ക് പുറത്തുള്ള ജനവാസമേഖലയിൽ അക്രമാസക്തമായും വിനാശകാരികളായും ഇറങ്ങി ജീവനും സ്വത്തിനും നാശനഷ്ടം വരുത്തുന്ന വന്യമൃഗങ്ങളെ വെടിവെച്ചുകൊല്ലുക, മയക്ക് വെടി വെയ്ക്കുക, കൂട് വെച്ച് പിടിക്കുക, പിടിച്ചുകഴിഞ്ഞാൽ പ്രത്യേകം പാർപ്പിക്കുക തുടങ്ങിയ നടപടികൾ സ്വീകരിക്കുന്നതിന് നിലവിലുള്ള കേന്ദ്ര നിയമമായ 1972-ലെ വന്യജീവി (സംരക്ഷണം) നിയമത്തിലെ വ്യവസ്ഥകൾ പാലിക്കേണ്ടതുണ്ട്. ഈ വ്യവസ്ഥകൾ പ്രകാരം ചീഫ് വൈൽഡ് ലൈഫ് വാർഡന് ചില അധികാരങ്ങൾ ഉണ്ടെങ്കിലും അവ വിനിയോഗിച്ച് പ്രായോഗിക നടപടികൾ സ്വീകരിക്കുന്നതിന് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച Standard Operating Procedure, Advisory to deal with human - wildlife conflict, ടൈഗർ കൺസർവേഷൻ അതോറിറ്റിയും പ്രോജക്റ്റ് എലിഫന്റ് പദ്ധതി പ്രകാരവും ഉള്ള ഗൈഡ് ലൈനുകൾ എന്നിവ പാലിക്കാൻ ചീഫ് വൈൽഡ് ലൈഫ് വാർഡൻ നിർബന്ധിതനായതിനാൽ അടിയന്തര ഘട്ടങ്ങളിൽ പോലും നടപടി സ്വീകരിക്കുന്നതിന് നിയമതടസ്സങ്ങൾ ഉണ്ടാവുകയും എടുത്ത നടപടികൾ തന്നെ ഫലപ്രദമാകാതിരിക്കുകയും ചെയ്യുന്ന സാഹചര്യം നിലനിൽക്കുകയാണ്. 1972-ലെ വന്യജീവി (സംരക്ഷണം) ആക്റ്റ് വകുപ്പ് 11 (എ) അനുസരിച്ച് Captivity പാടില്ല എന്ന് ബഹു. ഹൈക്കോടതി നിർദ്ദേശമുണ്ട്. കൂടാതെ നിലവിൽ തടങ്കലിലുള്ള വന്യജീവികളെ വനത്തിൽ തുറന്ന് വിടണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ഹർജികളും കോടതിയിൽ നിലവിലുണ്ട്.

2. 'വന്യമൃഗങ്ങളുടെയും പക്ഷികളുടെയും സംരക്ഷണം' എന്ന വിഷയം ഭരണഘടനയുടെ സമവർത്തി ലിസ്റ്റിൽ(concurrent list) 17 ബി ഇനമായി 1976 ൽ ചേർത്തിട്ടുണ്ട്. ജനവാസമേഖലയിൽ അക്രമാസക്തമായും വിനാശകാരികളായും ഇറങ്ങുന്ന വന്യമൃഗങ്ങളെ പ്രതിരോധിക്കുന്നതിന് നിലവിലുള്ള കേന്ദ്ര നിയമമായ 1972-ലെ വന്യജീവി (സംരക്ഷണം) ആക്റ്റ് ഭേദഗതി ചെയ്യുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ തയ്യാറാക്കി കേന്ദ്രനിയമത്തിനുള്ള സംസ്ഥാനഭേദഗതിബില്ലായി അവതരിപ്പിക്കുകയോ കേന്ദ്രനിയമം ഭേദഗതി ചെയ്യുന്നതിനുള്ള ഭേദഗതിനിർദേശങ്ങൾ ആയി നിയമസഭ പാസ്സാക്കുന്ന ഒരു പ്രമേയം സഹിതം കേന്ദ്രസർക്കാരിന് സമർപ്പിക്കുകയോ ചെയ്യേണ്ടതുണ്ട്.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കേന്ദ്രനിയമമായ1972-ലെ വന്യജീവി (സംരക്ഷണം) ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ തയ്യാറാക്കി സമർപ്പിക്കുന്നതിനായി താഴെപ്പറയുന്ന ഉന്നതഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു സമിതി രൂപീകരിച്ച് ഇതിനാൽ ഉത്തരവാകുന്നു.

1. ചീഫ് സെക്രട്ടറി - കൺവീനർ,
2. അഡീ. ചീഫ് സെക്രട്ടറി , വനം-വന്യജീവി വകുപ്പ്,
3, അഡീ. ചീഫ് സെക്രട്ടറി , പരിസ്ഥിതി സംരക്ഷണ വകുപ്പ്,
4. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹോഫ്,
5. നിയമ വകുപ്പ് സെക്രട്ടറി.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് - ചീഫ് സെക്രട്ടറിയുടെ ഒ എസ് ഡി
അഡീ. ചീഫ് സെക്രട്ടറിയുടെ പി എ , വനം-വന്യജീവി വകുപ്പ്.
അഡീ. ചീഫ് സെക്രട്ടറിയുടെ പി എ, പരിസ്ഥിതി സംരക്ഷണ വകുപ്പ്.
നിയമ വകുപ്പ് സെക്രട്ടറിയുടെ പി എ.
പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് &
ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്,തിരുവനന്തപുരം.

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ്- കേന്ദ്ര നിയമമായ 1972-ലെ വന്യജീവി (സംരക്ഷണം) ആക്ട് ഭേദഗതി ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ തയ്യാറാക്കി സർക്കാരിന് സമർപ്പിക്കുന്നതിനായി ഉന്നത ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു സമിതി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.248/2023/F&WLD    തീയതി,തിരുവനന്തപുരം, 26-06-2023

---

പരാമർശം:- 1. 24.05.2023 - ലെ ബഹു. വനം വന്യജീവി വകുപ്പുമന്ത്രിയുടെ No.36/2023/M(F&WLD) നമ്പർ കുറിപ്പ്.

**ഉത്തരവ്**

വനാതിർത്തിക്ക് പുറത്തുള്ള ജനവാസമേഖലയിൽ അക്രമാസക്തമായും വിനാശകാരികളായും ഇറങ്ങി ജീവനും സ്വത്തിനും നാശനഷ്ടം വരുത്തുന്ന വന്യമൃഗങ്ങളെ വെടിവെച്ചുകൊല്ലുക, മയക്ക് വെടി വെയ്ക്കുക, കൂട് വെച്ച് പിടിക്കുക, പിടിച്ചുകഴിഞ്ഞാൽ പ്രത്യേകം പാർപ്പിക്കുക തുടങ്ങിയ നടപടികൾ സ്വീകരിക്കുന്നതിന് നിലവിലുള്ള കേന്ദ്ര നിയമമായ 1972-ലെ വന്യജീവി (സംരക്ഷണം) നിയമത്തിലെ വ്യവസ്ഥകൾ പാലിക്കേണ്ടതുണ്ട്. ഈ വ്യവസ്ഥകൾ പ്രകാരം ചീഫ് വൈൽഡ് ലൈഫ് വാർഡന് ചില അധികാരങ്ങൾ ഉണ്ടെങ്കിലും അവ വിനിയോഗിച്ച് പ്രായോഗിക നടപടികൾ സ്വീകരിക്കുന്നതിന് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച Standard Operating Procedure, Advisory to deal with human - wildlife conflict, ടൈഗർ കൺസർവേഷൻ അതോറിറ്റിയും പ്രോജക്റ്റ് എലിഫന്റ് പദ്ധതി പ്രകാരവും ഉള്ള ഗൈഡ് ലൈനുകൾ എന്നിവ പാലിക്കാൻ ചീഫ് വൈൽഡ് ലൈഫ് വാർഡൻ നിർബന്ധിതനായതിനാൽ അടിയന്തര ഘട്ടങ്ങളിൽ പോലും നടപടി സ്വീകരിക്കുന്നതിന് നിയമതടസ്സങ്ങൾ ഉണ്ടാവുകയും എടുത്ത നടപടികൾ തന്നെ ഫലപ്രദമാകാതിരിക്കുകയും ചെയ്യുന്ന സാഹചര്യം നിലനിൽക്കുകയാണ്. 1972-ലെ വന്യജീവി (സംരക്ഷണം) ആക്റ്റ് വകുപ്പ് 11 (എ) അനുസരിച്ച് Captivity പാടില്ല എന്ന് ബഹു. ഹൈക്കോടതി നിർദ്ദേശമുണ്ട്. കൂടാതെ നിലവിൽ തടങ്കലിലുള്ള വന്യജീവികളെ വനത്തിൽ തുറന്ന് വിടണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ഹർജികളും കോടതിയിൽ നിലവിലുണ്ട്.

2. 'വന്യമൃഗങ്ങളുടെയും പക്ഷികളുടെയും സംരക്ഷണം' എന്ന വിഷയം ഭരണഘടനയുടെ സമവർത്തി ലിസ്റ്റിൽ(concurrent list) 17 ബി ഇനമായി 1976 ൽ ചേർത്തിട്ടുണ്ട്. ജനവാസമേഖലയിൽ അക്രമാസക്തമായും വിനാശകാരികളായും ഇറങ്ങുന്ന വന്യമൃഗങ്ങളെ പ്രതിരോധിക്കുന്നതിന് നിലവിലുള്ള കേന്ദ്ര നിയമമായ 1972-ലെ വന്യജീവി (സംരക്ഷണം) ആക്റ്റ് ഭേദഗതി ചെയ്യുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ തയ്യാറാക്കി കേന്ദ്രനിയമത്തിനുള്ള സംസ്ഥാനഭേദഗതിബില്ലായി അവതരിപ്പിക്കുകയോ കേന്ദ്രനിയമം ഭേദഗതി ചെയ്യുന്നതിനുള്ള ഭേദഗതിനിർദേശങ്ങൾ ആയി നിയമസഭ പാസ്സാക്കുന്ന ഒരു പ്രമേയം സഹിതം കേന്ദ്രസർക്കാരിന് സമർപ്പിക്കുകയോ ചെയ്യേണ്ടതുണ്ട്.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കേന്ദ്രനിയമമായ1972-ലെ വന്യജീവി (സംരക്ഷണം) ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ തയ്യാറാക്കി സമർപ്പിക്കുന്നതിനായി താഴെപ്പറയുന്ന ഉന്നതഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു സമിതി രൂപീകരിച്ച് ഇതിനാൽ ഉത്തരവാകുന്നു.

1. ചീഫ് സെക്രട്ടറി - കൺവീനർ,
2. അഡീ. ചീഫ് സെക്രട്ടറി , വനം-വന്യജീവി വകുപ്പ്,
3, അഡീ. ചീഫ് സെക്രട്ടറി , പരിസ്ഥിതി സംരക്ഷണ വകുപ്പ്,
4. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹോഫ്,
5. നിയമ വകുപ്പ് സെക്രട്ടറി.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് - ചീഫ് സെക്രട്ടറിയുടെ ഒ എസ് ഡി
അഡീ. ചീഫ് സെക്രട്ടറിയുടെ പി എ , വനം-വന്യജീവി വകുപ്പ്.
അഡീ. ചീഫ് സെക്രട്ടറിയുടെ പി എ, പരിസ്ഥിതി സംരക്ഷണ വകുപ്പ്.
നിയമ വകുപ്പ് സെക്രട്ടറിയുടെ പി എ.
പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് &
ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്,തിരുവനന്തപുരം.